"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25-02-2020-ലെ തീരുമാനങ്ങൾ - ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 'മങ്ങാട്ടുകുഴി-പുത്തൻകരി, ഉമ്പേക്കണ്ടം പാടശേഖരം ആക്സിൽ ഫ്ലോ പമ്പ്', 'കടമാളൂർ ഡിവിഷൻ മള്ളൂർ 50 HP മോട്ടോർ സ്ഥാപിക്കൽ' എന്നീ പദ്ധതികൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1058/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/06/2020

---

പരാമർശം:- 1 ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.02.2020-ലെ കത്ത്

2 25.02.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.84 ,4.85 നമ്പർ തീരുമാനങ്ങൾ

## ഉത്തരവ്

ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷി ജലസേചനത്തിന് പാടശേഖര സമിതികൾക്ക് സഹായം നൽകുന്നതിന് വേണ്ടി ആവിഷ്കരിച്ചതാണ് 'മങ്ങാട്ടുകുഴി-പുത്തൻകരി, ഉമ്പേക്കണ്ടം പാടശേഖരം ആക്സിൽ ഫ്ലോ പമ്പ്' 'കടമാളൂർ ഡിവിഷൻ മള്ളൂർ 50 HP മോട്ടോർ സ്ഥാപിക്കൽ' എന്നീ പദ്ധതികൾ. പദ്ധതി രൂപീകരണ സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സബ്മെഴ്സിബിൾ പമ്പ് സെറ്റ്, വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ് എന്നിവ നെൽകൃഷി ജലസേചനത്തിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കാൻ കഴിയില്ല. എന്നാൽ അയ്മനം പഞ്ചായത്തിലെ മങ്ങാട്ടുകുഴി-പുത്തൻകരി, ഉമ്പേക്കണ്ടം പാടശേഖരങ്ങളിൽ ഈ പാടശേഖരങ്ങളുടെ പ്രത്യേകത മൂലം വളരെ താഴ്ചയിൽ നിന്നും വെള്ളം പമ്പ് ചെയ്യേണ്ടതായിട്ടുണ്ടെന്നും അത്തരം സ്ഥലങ്ങളിൽ സബ്മേഴ്സിബിൾ പമ്പും, പെട്ടിയും പറയും ഉപയോഗിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പും ഉപയോഗിക്കേണ്ടതായിട്ടുണ്ടെന്നും ആയതിനാൽ ടി പ്രദേശങ്ങളിലെ രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾക്ക് 1 0 0 ശതമാനം സബ്സിഡി നിരക്കിൽ സബ്മെഴ്സിബിൾ പമ്പ് സെറ്റ്, വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ് എന്നിവ നൽകുന്നതിനുള്ള മേൽപറഞ്ഞ പ്രോജക്ടുകൾക്ക് അനുവാദം നൽകണമെന്നും പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം പരിഗണിച്ച 25.02.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി, ആവശ്യകത കൃഷി അസിസ്റ്റന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുവാദം നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിയുടെ ജലസേചനത്തിന് പാടശേഖര സമിതികൾക്ക് സഹായം നൽകുന്നതിന് ആവിഷ്കരിച്ച **പ്രോജക്ട്** നം: 69/20 'മങ്ങാട്ടുകുഴി - പുത്തൻകരി, ഉമ്പേക്കണ്ടം പാടശേഖരം ആക്സിൽ ഫ്ലോ പമ്പ്', **പ്രോജക്ട്** നം: 62/20 'കടമാളൂർ ഡിവിഷൻ മള്ളൂർ 50 HP മോട്ടോർ സ്ഥാപിക്കൽ' എന്നീ പദ്ധതികളിൽ ആക്സിൽ ഫ്ലോ പമ്പ്, സബ്മെഴ്സിബിൾ പമ്പ് ഉടങ്ങിയവ വിതരണം ചെയ്യാൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആവശ്യകത സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ, അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
HARILAL.T.N.
അണ്ടർ സെക്രട്ടറി

പകർപ്പ് :പ്രസിഡണ്ട്/സെക്രട്ടറി, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, I&PRD

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.. 11:06:29 IST
Reason: Approved

സെക്ഷൻ ഓഫീസർ